"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ടി.ഡി.സി)- വിജിലൻസ് & സെക്യൂരിറ്റി ഓഫീസർ തസ്തികയിൽ നിയമിതനായ ശ്രീ. ബി. അശോകൻ ഐ.പി.എസ്(റിട്ട)-ന്റെ കരാർ നിയമനം - റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.348/2025/TSM തീയതി,തിരുവനന്തപുരം, 20-06-2025

---

പരാമർശം:-
1. 23.03.2022 ലെ സ.ഉ.(സാധാ) നം.74/2022/ടൂറിസം നമ്പർ ഉത്തരവ്
2. 03.09.2024 സ.ഉ.(സാധാ) നം. 453/2024/ടൂറിസം നമ്പർ ഉത്തരവ്
3. കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 12.04.2025 ലെ KTDC/PA6/V& SO/2025 നമ്പർ കത്ത്.

**ഉത്തരവ്**

കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ വിജിലൻസ് & സെക്യൂരിറ്റി ഓഫീസർ തസ്തികയിൽ പരാമർശം (1) പ്രകാരം നിയമിതനായ ശ്രീ. ബി. അശോകൻ ഐ.പി.എസ്(റിട്ട)-ന് പ്രസ്തുത തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ തുടരാൻ പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നു.

2. ടിയാനെതിരെ, കെ.ടി.ഡി.സി ലിമിറ്റഡിലെ വനിതാ ജീവനക്കാരി കെ.ടി.ഡി.സി-യിലെ Internal Committee മുമ്പാകെ നൽകിയ പരാതിയിന്മേൽ ടിയാൻ കുറ്റക്കാരനാണെന്ന് തെളിഞ്ഞതിനാലും ടിയാൻ നിലവിൽ വഹിച്ചിരുന്ന തസ്തികയിൽ തുടർന്നാൽ വനിതാ ജീവനക്കാർക്ക് മാനസിക സമ്മർദ്ദവും തൊഴിൽപരമായ അസൗകര്യവും ഉണ്ടാകുമെന്ന് കണ്ടെത്തിയതിനാലും ടിയാനെതിരെ ഉചിതമായ നടപടി സ്വീകരിക്കാൻ കമ്മിറ്റി ശിപാർശ ചെയ്തതതിനാലും കരാർ അടിസ്ഥാനത്തിൽ തുടരാൻ അനുമതി നൽകിയ പരാമർശം (2) ഉത്തരവ് റദ്ദാക്കണമെന്ന് പരാമർശം (3) പ്രകാരം കെ.ടി.ഡി.സി മാനേജിംഗ് ഡയറക്ടർ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, കെ.ടി.ഡി.സി-യിൽ വിജിലൻസ് & സെക്യൂരിറ്റി ഓഫീസർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ, പരാമർശം (2) പ്രകാരം, 03.09.2024 മുതൽ ഒരു വർഷത്തേക്ക് കൂടി നിയമിതനായിരുന്ന, ശ്രീ. അശോകൻ ബി ഐ.പി.എസ്(Rtd) (കുര 19, കൂട്ടാംവിള, വേട്ടമുക്ക്, വട്ടിയൂർക്കാവ് പി.ഒ, തിരുവനന്തപുരം-695013)-ന്റെ കരാർ നിയമനം, ടിയാനെ കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ സർവീസിൽ നിന്നും നീക്കം ചെയ്ത 04/02/2025 തീയതി പ്രാബല്യത്തിൽ, റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1/ഓഡിറ്റ് 2), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Archana T.
Date: 21-06-2025 11:35:48

സെക്ഷൻ ഓഫീസർ

പകർപ്പ്:-
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്